# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

08-12-2015 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *181

### സംസ്ഥാനത്തെ കേന്ദ്ര നിക്ഷേപം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.പി.ടി.എ. റഹീം<br>ശ്രീ. ഇ.പി. ജയരാജൻ<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.എം.ഹംസ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാരിന്റെ നാലരവർഷ കാലയളവിൽ കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിനു വേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ചുള്ള വിപണി വിപുലീകരണം, ഉല്പാദന വർദ്ധന എന്നിവയ്ക്ക് കൂടുതൽ പരിഗണന നൽകി വ്യവസായ വകുപ്പു നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതു സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള ജാഗ്രതയില്ലായ്മ കേന്ദ്ര നിക്ഷേപം ലഭിക്കുന്നതിനും നിലവിലെ വ്യവസായങ്ങളെ പ്രതിസന്ധിയില്ലാതെ സംരക്ഷിക്കുന്നതിനും സാധിക്കാത്ത സ്ഥിതിയിലാക്കിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

(സി) പൊതുമേഖലയോട് സർക്കാർ ആഭിമുഖ്യം കാണിക്കുന്നുണ്ടോ; സ്വകാര്യ കോർപ്പറേറ്റ് മേഖലയോടുള്ള സമീപനം കാരണം രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സമ്പദ് വ്യവസ്ഥ മോശമാകുന്നുണ്ടോ; വിലയിരുത്തുമോ?

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികളും നയപരിപാടികളുമാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

സെക്ഷൻ ഓഫീസർ

*അനുബന്ധം*

## കേന്ദ്ര നിക്ഷേപം ലഭ്യമാക്കുന്നതിനായി വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദ വിവരങ്ങൾ

ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡിന്റെ കൊച്ചി റിഫൈനറിയുടെ വിപുലീകരണത്തിനും അനുബന്ധ പെട്രോകെമിക്കൽ വ്യവസായത്തിന്റെ വികസനത്തിനുമായി 20,000 കോടി രൂപയുടെ കേന്ദ്ര നിക്ഷേപമായിട്ടുണ്ട്.

ഗെയിലിന്റെ ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിക്കായി 3000 കോടി രൂപയും കോഴിക്കോട് നിർദ്ദേശ് പദ്ധതിക്കായി 200 കോടി രൂപയും കേന്ദ്ര നിക്ഷേപമായി ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്.

കേന്ദ്ര സഹായത്തോടെ കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാൻ നടപടികൾ നടന്നുവരുന്നു.

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ മാർഗരേഖയ്ക്കനുസൃതമായി ചേർത്തലയിൽ കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ 129.15 കോടി രൂപ ചെലവിൽ സമുദ്രോല്പന്ന മേഖലയ്ക്ക് പ്രാധാന്യം നൽകി മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി 50 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

കിൻഫ്ര യുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലും ഒരു മെഗാഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 50 കോടി രൂപ കേന്ദ്രസഹായമായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചിയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് നടപ്പിലാക്കുന്നതിനായി കേന്ദ്രസഹായം ലഭ്യമാക്കുവാനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി. ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കയറ്റുമതിയധിഷ്ഠിത നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര വാണിജ്യ മന്ത്രാലയം ഏർപ്പെടുത്തിയ പദ്ധതിയായ ASIDE Scheme സംസ്ഥാനത്ത് നട

പ്പാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനായിട്ടുള്ള പദ്ധതികൾക്ക് 77.02 കോടി രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

പാലക്കാട്, ഷൊർണൂർ, കൊച്ചുവേളി, മഞ്ചേരി എന്നിവിടങ്ങളിൽ നിലവിലുള്ള വ്യവസായ ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കുവാനായി കേന്ദ്ര സഹായമായി 9 കോടി രൂപയും സൂക്ഷ്മ-ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതിക്കായി 41.19 കോടി രൂപയുടെ പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്.

എറണാകുളത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഫർണിച്ചർ ഹബ് സ്ഥാപിക്കുന്നതിന് തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്.

വ്യവസായ ഭൂമിയുടെ അടിസ്ഥാന സൗകര്യ വികസനമുൾപ്പെടെയുള്ള ക്ലസ്റ്റർ ഡവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വ്യവസായ വികസന/ഏരിയ/പ്ലോട്ടുകളുടെ നവീകരണത്തിനായി 88.35 കോടി രൂപയുടെ പദ്ധതി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

ആലപ്പുഴയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി വിപുലീകരിക്കുന്നതിനും, ആധുനീകവത്കരണത്തിനും വേണ്ടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡുമായി സംയുക്ത സംരംഭത്തിനുള്ള ചർച്ചകൾ നടന്നുവരുന്നു.

രാജ്യത്തെ ഉല്പാദന രംഗം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ പ്രത്യേകം ആവിഷ്കരിച്ച മാനുഫാക്ചറിംഗ് നയത്തിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള നവീകരണ വിപുലീകരണ പദ്ധതികൾ കെൽട്രോണിലും അനുബന്ധ യൂണിറ്റായ കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സിലും നടപ്പാക്കി വരികയാണ്.

Sd